പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2127 11.02.2020 ൽ മറുപടിക്ക്

## ഒരു പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ

| ചോദ്യം<br>ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പ്രൈമറി ഹെൽത്ത് സെന്ററുകൾ വഴി നൽകിവരുന്ന സേവനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | പ്രാഥമികാരോഗ്യ പരിചരണത്തിനും രോഗ പ്രതിരോധത്തിനും ദേശീയ-സംസ്ഥാന ആരോഗ്യ പരിപാടികളുടെ നടത്തിപ്പിനുമായി രൂപം നൽകി പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ. പ്രാഥമികാരോഗ്യ പരിപാലനത്തിന്റെ ഭാഗമായ ഒ.പി.സേവനങ്ങളും ഒബ്സർവേഷൻ ബെഡ് സൗകര്യങ്ങളും അതോടൊപ്പം മാതൃ ശിശു ആരോഗ്യ പരിചരണം, പകർച്ചവ്യാധി നിയന്ത്രണം, കേരളത്തിലെ മാറിയ സാഹചര്യത്തിൽ ജീവിത ശൈലി രോഗങ്ങൾ തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുന്നത്. |
| (ബി) | ഒരു പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ എന്നത് നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഒരു ഗ്രാമപഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ എങ്കിലും ഉണ്ടായിരിക്കണം എന്നാണ് നിലവിൽ സ്വീകരിച്ചിട്ടുള്ള നയം. ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു പ്രൈമറി ഹെൽത്ത് സെന്ററോ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററോ, താലൂക്കാശുപത്രിയോ നിലവിലുണ്ട്. |
| (സി) | പ്രൈമറി ഹെൽത്ത് സെന്ററുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ മുഖേന നൽകേണ്ട സേവനങ്ങൾ എങ്ങനെയാണ് നിലവിൽ ജനങ്ങളിലെത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | എല്ലാ പഞ്ചായത്തുകളിലും ഒരു പ്രൈമറി ഹെൽത്ത് സെന്ററോ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററോ സർക്കാർ ആശുപത്രിയോ നിലവിലുണ്ട്. ഇവിടങ്ങളിൽ ഫീൽഡ് വർക്കർമാരുടെയും സൂപ്പർവൈസർമാരുടെയും തസ്തികകൾ നിലവിലുണ്ട്. അവർ മുഖേന ഫീൽഡ്തല സേവനങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നു. |

Hari

സെക്ഷൻ ഓഫീസർ